LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി ഫാക്ടറികളുടെയും തൊഴിലാളികളുടെയും എണ്ണം

25 [509] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര രജിസ്റ്റേർഡ് കശുവണ്ടി ഫാക്ടറികൾ ഉണ്ട്:

(ബി) ഇവയിൽ ആകെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു;

(സി) എത്ര തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ ചേർത്തിട്ടുണ്ട്.

(ഡി) എത്ര തൊഴിലാളികളെയാണ് പ്രോവിഡന്റ് ഫണ്ട് സ്കീമിലും ആശ്വാസ തൊഴിലാളി ക്ഷേമനിധി ബോർഡിലും അംഗങ്ങളാക്കിയിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്ത് ഫാക്ടറി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന 714 ഫാക്ടറികൾ [സെക്ഷൻ 2 (എം) പ്രകാരം 542-ഉം സെക്ഷൻ 85 പ്രകാരം 172-ഉം] ഉണ്ട്.

(ബി) പണിയെടുക്കുന്ന തൊഴിലാളികളുടെ കൃത്യമായ എണ്ണം ശേഖരിച്ചു നല്കുന്നതാണ്.

(സി ആന്റ് ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

26 [512] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം മേഖലയിൽ കീടനാശിനികൾ തളിക്കുവാൻ നിയോഗിക്കപ്പെടുന്ന തൊഴിലാളികൾക്കിടയിൽ ക്യാൻസർ രോഗം പിടിപെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര തൊഴിലാളികളാണ് ഈ രോഗത്തിന് അടിമപ്പെട്ട് ചികിൽസയിൽ കഴിയുന്നതെന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് ബന്ധപ്പെട്ട വെൽഫെയർ ഫണ്ടുകളിൽനിന്നും ചികിൽസാ ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ?